പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ.2997

07.12.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) തോട്ടം മേഖലയിലെ ഭവനരഹിതരായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപയ്ക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായി ദേവികുളം മണ്ഡലത്തിൽ ലൈഫ് ലിസ്റ്റിൽ നിന്നും തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>കൂടാതെ ഭവനം ഫൗണ്ടേഷൻ "ജനനി" പദ്ധതിയിൻ കീഴിൽ അടിമാലിയിൽ നിർമ്മിച്ച 217 വീടുകളുള്ള കെട്ടിട സമുച്ചയം ലൈഫ് പദ്ധതിയിൻ കീഴിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ലൈഫ് മിഷനിലേക്ക് കൈമാറാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

Sreelekha

സെക്ഷൻ ഓഫീസർ